IV. പ്രത്യേക പരാമർശം

(1) വിവിധ ക്ഷേമത്തൊഴിലാളി പെൻഷനുകളിലെ കുടിശ്ശികകൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വിവിധ ക്ഷേമ പദ്ധതികളിലെ പെൻഷൻ കുടിശ്ശിക ഇനത്തിൽ കോടിക്കണക്കിനു രൂപയാണ് വിതരണം ചെയ്യാനുള്ളത്. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയും അവ അടിയന്തിരമായി വിതരണം ചെയ്യേണ്ട കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമാണ്. തൊഴിലില്ലായ്മ വേതനം 125 കോടി 50 ലക്ഷം രൂപ, കർഷകത്തൊഴിലാളി പെൻഷൻ 164 കോടി 62 ലക്ഷം രൂപ, കയർത്തൊഴിലാളി പെൻഷൻ 16 കോടി 50 ലക്ഷം രൂപ, കൈത്തറി തൊഴിലാളി പെൻഷൻ 73 കോടി 42 ലക്ഷം രൂപ, കശുവണ്ടി തൊഴിലാളി പെൻഷൻ 2 കോടി 69 ലക്ഷം രൂപ, മത്സ്യത്തൊഴിലാളി പെൻഷൻ 2 കോടി 69 ലക്ഷം രൂപ, വികലാംഗ ക്ഷേമ പെൻഷൻ 2 കോടി 96 ലക്ഷം രൂപ, വിധവാ പെൻഷൻ 8 കോടി രൂപ 67 ലക്ഷം രൂപ എന്നിങ്ങനെയാണ് നിരവധി കോടി രൂപ കൊടുക്കാനുള്ളത്. 27-30 മാസമായിട്ട് പാവപ്പെട്ടവർക്ക് ഇതുവരെ ഈ ആനുകൂല്യം കൊടുത്തിട്ടില്ല. അതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുകയും അടിയന്തിരമായി കൊടുക്കുകയും ചെയ്യണമെന്നുള്ള സബ്മിഷനാണ് ഞാൻ തന്നത്. എന്തു കൊണ്ടോ അത് മിസ് ചെയ്തു പോയി. അങ്ങയുടെ പിതാവിന്റെ മരണത്തിന് അങ്ങ് പോവുകയും തിരിച്ചു വരികയും ചെയ്യുന്നതിനിടയിൽ എന്റെ സബ്മിഷൻ മറിഞ്ഞു പോയതുകൊണ്ട് വന്നിട്ടില്ലെന്ന് കരുതിയാണ് ഞാൻ ഇപ്പോൾ ഇത് പറയുന്നത്.

മി. സ്പീക്കർ: മറിഞ്ഞു പോയതല്ല. നാളെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്ന സാഹചര്യത്തിൽ ഒരു കമ്മിറ്റ്മെന്റ് അല്ലെങ്കിൽ അങ്ങനെയൊരു കാര്യം ഇവിടെ പറയിപ്പിക്കുന്നത് ശരിയല്ല എന്നുള്ളതാണ് സബ്മിഷനായിട്ട് അനുവദിക്കാതിരുന്നതിനു കാരണം. പക്ഷേ അതിന്റെ ഗൗരവം കണക്കാക്കി പ്രതിപക്ഷ നേതാവിന് അത് പോയിന്റ് ഔട്ട് ചെയ്യാൻ സമയം തന്നു. പക്ഷേ സബ്മിഷനായി ഒരു പിൻപോയിന്റിൽനിന്ന് റിപ്ലൈ ചെയ്യിക്കുന്നത് ഫെയറാണെന്നു എനിക്ക് തോന്നുന്നില്ല. നാളെ ബഡ്ജറ്റ് ചർച്ചയിൽ ഈ കാര്യങ്ങൾ വിശദമായിട്ട് സംസാരിക്കാനും വിശകലനം ചെയ്യാനും അവസരം കിട്ടുമെന്നുള്ളതു കൊണ്ടാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ ഒരു വിശദീകരണത്തിനു വേണ്ടി ഞാൻ അങ്ങോട്ട്.....

മി. സ്പീക്കർ: യെസ്. തരാം.

സബ്മിഷൻ (തുടർച്ച)

(7) 'ക്രൈം' വാരികയുടെ ഓഫീസ് തല്ലിത്തകർത്ത സംഭവം

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് പുതിയറയിൽ ക്രൈം വാരികയുടെയും സായാഹ്ന പത്രത്തിന്റെയും ആഫീസ് കുറെ സാമൂഹ്യ വിരുദ്ധർ അടിച്ചു തകർത്ത് അവിടെയുണ്ടായിരുന്ന കമ്പ്യൂട്ടറും ഫയലുമെല്ലാം തീയിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ചുടുകയും ജീവനക്കാരെ മുഴുവൻ മർദ്ദിച്ച് ആശുപത്രിയിലാക്കുകയും ചെയ്തു. ഇതിന്റെ പിന്നിൽ സി.പി.ഐ.(എം.)-കാരാണെന്നു വളരെ വ്യക്തമായി തെളിഞ്ഞിരിക്കുകയാണ്. കാരണം സി.പി.ഐ.(എം.)-ലെ ഗ്രൂപ്പ് വഴക്കിനെക്കുറിച്ച് ക്രൈം വാരികയിൽ ഒരു ലേഖനം വന്നതിന്റെ അടിസ്ഥാനത്തിലാണ് സി.പി.ഐ.(എം.) പ്രവർത്തകർ ഈ സായാഹ്ന പത്രത്തിന്റെയും വാരികയുടെയും ഓഫീസ് തല്ലിത്തകർത്തത്. അതുകൊണ്ട് കുറ്റക്കാരെ അറസ്റ്റ് ചെയ്യാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്നു വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കോഴിക്കോട് കസബ ചിന്താവളപ്പ് ആര്യസമാജം ആഫീസിന് എതിർവശത്ത് പ്രവർത്തിക്കുന്ന ക്രൈം ന്യൂസ്, മനോലോകം, ശരീരശാസ്ത്രം തുടങ്ങിയവയുടെ ആഫീസിൽ 2-2-2005-ന് ഏതാനും പേർ കടന്നുകയറി അതിക്രമം കാണിച്ചു. അക്രമികൾ അവിടെയുണ്ടായിരുന്ന മാനേജരെ പിടിച്ചു പുറത്താക്കുകയും ഓഫീസ് ഫയലുകളും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും പെട്രോൾ ഒഴിച്ച് തീയിടുകയും ചെയ്തു. തുടർന്ന് അക്രമികൾ പുതിയറയിൽ പ്രവർത്തിക്കുന്ന ശരീരശാസ്ത്രം വാരികയുടെ ആഫീസിൽ കടന്നുകയറി എഡിറ്റർ ഹാസിമിനെ അടിച്ചു പരിക്കേൽപ്പിക്കുകയും ഫാക്സ് മെഷീൻ റോഡിലേക്ക് വലിച്ചെറിയുകയും ആഫീസ് കെട്ടിടത്തിന്റെ ജനാലച്ചില്ലുകൾ അടിച്ചു തകർക്കുകയും ചെയ്തു. ഫയർഫോഴ്സ് സ്ഥലത്തെത്തി തീയണയ്ക്കുകയുണ്ടായി. കസബ പോലീസ് സ്റ്റേഷൻ, ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 323, 450, 436, 149 എന്നീ വകുപ്പുകൾ പ്രകാരം കണ്ടാൽ അറിയാവുന്ന 15 പേർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇത് വളരെയേറെ സംഘടിതമായ ഒരു ആക്രമണമാണ്. ഒരു സംഘർഷത്തിനുള്ള സാഹചര്യവും ഇല്ലാത്ത അവസരത്തിൽ കരുതിക്കൂട്ടി നാശനഷ്ടം വരുത്തിയതാണ്. അതിനെതിരെ കർശനമായിട്ടുള്ള നടപടി സ്വീകരിക്കും. പ്രതികളെ ഏതാണ്ട് തിരിച്ചറിഞ്ഞിട്ടുണ്ട്. അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും.

V. സ്പീക്കറുടെ പ്രസ്താവന

വാർത്തകൾ പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: എനിക്ക് ഒരു കാര്യം പറയാനുള്ളത് 'കേരളത്തിലെ എം.എൽ.എ.-മാർക്ക് പ്രധാനമന്ത്രിയെക്കാൾ ശമ്പളം' എന്ന ഒരു വാർത്ത ചില പത്രങ്ങളിൽ വന്നു. ആദ്യം വന്നത് ഡൽഹിയിലെ ഒരു ഇംഗ്ലീഷ് പത്രത്തിലാണ്. ഉടനെ മുഖ്യമന്ത്രി ഇത് എന്റെ ശ്രദ്ധയിൽപ്പെടുത്തി. അതേപ്പറ്റി പരിശോധിച്ച് വിശദമായ ഒരു നിഷേധക്കുറുപ്പ് കൊടുത്തു. ശ്രീ. ടി. എൻ. പ്രതാപൻ,

LIBRARY ARCHIVES Kerala Legislative Assembly